**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2425** **15-10-2024 - ൽ മറുപടിയ്ക്ക്**

**ലക്കി ബിൽ ആപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. വകുപ്പ് നടപ്പിലാക്കിയ ലക്കി ബിൽ ആപ്പ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | ലക്കി ബിൽ പദ്ധതി പ്രകാരം മാസം തോറുമുള്ള ക്യാഷ് പ്രൈസ് വിജയികളെ 2023 മാർച്ച് വരെയും, ദിവസേനയും ആഴ്ചയുമുള്ള ഗിഫ്റ്റ് പാക്കേജ് വിജയികളെ 2023 ആഗസ്റ്റ് വരെയും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്കുള്ള സമ്മാനവിതരണം പൂർത്തിയായി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കിയതുവഴി സർക്കാരിന് എത്ര രൂപ ചെലവ് വന്നിട്ടുണ്ടെന്നും പദ്ധതി കാരണം ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ; | (ബി) | ലക്കി ബിൽ ആപ്പ് ഡെവലപ്പ് ചെയ്യുന്നതിനുവേണ്ടി 32.5 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആപ്പിന്റെ പ്രചാരണത്തിന് ആകെ 2,17,96,361 രൂപ ചെലവഴിച്ചു. 2024 ഒക്ടോബർ 10 വരെയുള്ള കണക്കുപ്രകാരം 4,33,95,987 രൂപ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതിലേക്കായി ചെലവഴിച്ചിട്ടുണ്ട്. ലക്കി ബിൽ ആപ്പ് ഇതുവരെ 1,34,529 പേർ ഡൗൺലോഡ് ചെയ്തിട്ടുണ്ട്. ആപ്പ് മുഖേന ഉപഭോക്താക്കൾ 21,66,626 ബില്ലുകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ലക്കി ബിൽ ആപ്പ് വഴി പൊതുജനങ്ങൾക്കിടയിൽ ജിഎസ്.ടി സംബന്ധിച്ച അവബോധം സൃഷ്ടിക്കാനും അതിലൂടെ കൂടുതൽ കാര്യക്ഷമമായ നികുതി സംവിധാനം സംസ്ഥാനത്ത് കെട്ടിപ്പടുക്കാനും ആയിട്ടുണ്ട്. |
| (സി) | ലക്കി ബിൽ ആപ്പ് പദ്ധതി കൊണ്ട് സംസ്ഥാനത്ത് എത്ര നികുതി വെട്ടിപ്പ കേസുകൾ കണ്ടെത്തിയെന്നും അതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കുമോ? | (സി) | ലക്കി ബിൽ ആപ്പ് വഴി സമാഹരിച്ച ബില്ലുകൾ നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് ഉപയോഗപ്പെടുത്തുന്നുണ്ട്. നികുതി വെട്ടിപ്പ് കണ്ടെത്തുന്നത് അനേകം സ്രോതസ്സുകൾ ഒന്നിച്ച് ചേർത്താണ്. ലക്കി ബില്ലിൽ അപ്‌ലോഡ് ചെയ്ത ബില്ലുകൾ ഉപയോഗിക്കുന്നത് ഇതിൽ ഒന്നു മാത്രമാണ്. ആയതിനാൽ ഈ പദ്ധതിയിലൂടെ എത്ര നികുതി വെട്ടിപ്പ് കണ്ടെത്തിയെന്ന് തരം തിരിച്ച് എടുക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ